# ഓമനത്തിങ്കൾക്കിടാവോ

ഇരയിമ്മൻ തമ്പി · 1813

---

ഓമനത്തിങ്കൾക്കിടാവോ – നല്ല കോമളത്താമരപ്പൂവോ

പൂവിൽ നിറഞ്ഞ മധുവോ – പരിപൂർണേന്ദു തൻറെ നിലാവോ

പുത്തൻ പവിഴക്കൊടിയോ – ചെറു തത്തകൾ കൊഞ്ചും മൊഴിയോ

ചാഞ്ചാടിയാടും മയിലോ – മൃദു പഞ്ചമം പാടും കുയിലോ

തുള്ളുമിളമാൻകിടാവോ – ശോഭ കൊള്ളുന്നോരന്നക്കൊടിയോ

ഈശ്വരൻ തന്ന നിധിയോ – പരമേശ്വരിയേന്തും കിളിയോ

പാരിജാതത്തിൻ തളിരോ – എൻറെ ഭാഗ്യദ്രുമത്തിൻ ഫലമോ

വാത്സല്യരത്നത്തെ വയ്പ്പാൻ – മമ വായ്ച്ചൊരു കാഞ്ചനച്ചെപ്പോ

ദൃഷ്ടിക്കു വച്ചോരമൃതോ – കൂരിരുട്ടത്തു വച്ച വിളക്കോ

കീർത്തിലതയ്ക്കുള്ള വിത്തോ – എന്നും കേടു വരാതുള്ള മുത്തോ

ആർത്തിതിമിരം കളവാൻ – ഉള്ള മാർത്താണ്ഡദേവപ്രഭയോ

സൂക്തിയിൽ കണ്ട പൊരുളോ – അതിസൂക്ഷ്മമാം വീണാരവമോ

വമ്പിച്ച സന്തോഷവല്ലി – തൻറെ കൊമ്പത്തു പൂത്ത പൂവല്ലി

പിച്ചകത്തിൻ മലർച്ചെണ്ടോ – നാവിനിച്ഛ നൽകുന്ന കൽക്കണ്ടോ

കസ്തൂരി തൻറെ മണമോ – ഏറ്റ സത്തുക്കൾക്കുള്ള ഗുണമോ

പൂമണമേറ്റൊരു കാറ്റോ – ഏറ്റം പൊന്നിൽ തെളിഞ്ഞുള്ള മാറ്റോ

കാച്ചിക്കുറുക്കിയ പാലോ – നല്ല ഗന്ധമെഴും പനിനീരോ

നന്മ വിളയും നിലമോ – ബഹുധർമങ്ങൾ വാഴും ഗൃഹമോ

ദാഹം കളയും ജലമോ – മാർഗഖേദം കളയും തണലോ

വാടാത്ത മല്ലികപ്പൂവോ – ഞാനും തേടിവച്ചുള്ള ധനമോ

കണ്ണിനു നല്ല കണിയോ – മമ കൈവന്ന ചിന്താമണിയോ

ലാവണ്യപുണ്യനദിയോ – ഉണ്ണിക്കാർവർണ്ണൻ തൻറെ കളിയോ

ലക്ഷ്മീഭഗവതി തൻറെ – തിരുനെറ്റിയിലിട്ട കുറിയോ

എന്നുണ്ണിക്കൃഷ്ണൻ ജനിച്ചോ – പാരിലിങ്ങനെ വേഷം ധരിച്ചോ

പദ്മനാഭൻ തൻ കൃപയോ – മുറ്റും ഭാഗ്യം വരുന്ന വഴിയോ